## പതിമൂന്നാം കേരള നിയമഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1588

18/06/2012-ൽ മറുപടി പറയേണ്ടത്

## വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകൾ കാലികമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| സർക്കാരിന്റെ വിവിധ പദ്ധതികളും വിഷയങ്ങളും പൊതുജനങ്ങൾ കൃത്യമായി അറിയുന്നതിന് എല്ലാ വകുപ്പുകളുടെയും വെബ് സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ ആയ 'www.kerala.gov.in' ഉൾപ്പെടെ ബഹു. മന്ത്രിമാരുടെയും, ഉദ്യോഗസ്ഥരുടെയും സ്വത്തുവിവരം, പൊതുഭരണ (സ്പെഷ്യൽ-എ) വകുപ്പ്, ശബരിമല, വിവരാവകാശം തുടങ്ങിയ വെബ്സൈറ്റുകളും, മന്ത്രിമാരുടെയും ജില്ലകളുടെയും വെബ്സൈറ്റുകളും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ വെബ് & ന്യൂ മീഡിയ വിഭാഗമാണ് പരിപാലിക്കുന്നത്. ഈ വിഭാഗത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു.<br><br>ഭരണ നേട്ടങ്ങൾ അവയുടെ ചിത്രങ്ങൾ മറ്റ് വിവരങ്ങളും ഉൾപ്പെടുത്തി ആകർഷകമാക്കിയിട്ടുണ്ട്. വിവിധ പദ്ധതികളും വിഷയങ്ങളും യഥാസമയം അപ്ലോഡ് ചെയ്തിട്ടുണ്ട്. എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി പരീക്ഷാഫലങ്ങൾ ഏറ്റവും കാര്യക്ഷമമായ നിലയിൽ നൽകി. വിവരങ്ങൾ വേഗത്തിൽ ലഭിക്കുന്നതിനായി സർക്കാർ പോർട്ടലിന്റെ ഹോം പേജിൽ കൂടുതൽ മെനു |

ഉൾപ്പെടുത്തി

.ഉദ്യോഗസ്ഥരെ ബന്ധപ്പെടുന്നതിനുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കീ കോൺടാക്ട്സ് വിപുലീകരിച്ചു.

മന്ത്രിമാരെ സംബന്ധിച്ച വിവരങ്ങൾ ഒരു മെനുവിൽ ലഭ്യമാക്കി.

ഗവൺമെന്റ് സെക്രട്ടറിമാരുടെയും വകുപ്പ് തലവന്മാരുടെയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒരു പേജിലാക്കി.

പൊതുഭരണ സെക്രട്ടേറിയേറ്റിലെ വകുപ്പുകൾ, ഫീൽഡ് വകുപ്പുകൾ എന്നിവയുടെ പേജുകളിൽ പൊതുജനങ്ങൾക്ക് കൂടുതൽ വിവരങ്ങൾ വേഗത്തിൽ ലഭ്യമാകുന്ന വിധം പരിഷ്കരിച്ചു. കൂടുതൽ ലിങ്കുകൾ വഴി സംസ്ഥാനത്തെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ഇതിലൂടെ ലഭ്യമാവുന്നതാണ്.

സർക്കാർ സ്ഥാപനങ്ങളായ കോർപ്പറേഷനുകൾ, കമ്മീഷനുകൾ, സർവകലാശാലകൾ തുടങ്ങിയവയുടെ പേജുകൾ നവീകരിച്ചു.

കൂടുതൽ ഹെൽപ്ലൈൻ നമ്പരുകൾ ചേർത്തിട്ടുണ്ട്.

ബഡ്ജറ്റ്, ഇക്കണോമിക് റിവ്യൂ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ യഥാസമയം അപ്‌ലോഡ് ചെയ്തു.

സർക്കാർ ഉത്തരവുകൾ, അപേക്ഷാഫാറങ്ങൾ, അറിയിപ്പുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ, ചട്ടങ്ങളും നിയമങ്ങളും, വിവരാവകാശ നിയമം, പൗരാവകാശരേഖ, നിരന്തര ചോദ്യങ്ങൾ തുടങ്ങിയവ ''ഡോക്കുമെന്റ്സ്'' എന്ന മെനുവിൽ ലഭ്യമാക്കി.

'ഇ-സർവ്വീസുകൾക്കായി' പ്രത്യേകം മെനു തയ്യാറാക്കി.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി, 21-ാം സംസ്ഥാന മന്ത്രിസഭ, മുല്ലപ്പെരിയാർ, സുതാര്യകേരളം, വിവിധ പരീക്ഷാഫലങ്ങൾ,

ക്ഷേമപദ്ധതികൾ, എമർജിംഗ് കേരള, പരാതി പരിഹാര സെൽ, സ്വത്തുവിവരം, ഇതര സംസ്ഥാനങ്ങളിലേക്കുള്ള പ്രവേശനജാലകം, ഉത്തരവുകളും സർക്കുലറുകളും, അഖിലേന്ത്യാ സർവ്വീസസ് തുടങ്ങി പുതിയ നിരവധി മെനുകൾ ഹോം പേജിൽ സജ്ജീകരിച്ചിട്ടുണ്ട്.

ബഹു പഞ്ചായത്ത്-സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രി നടത്തിയ 'ഗ്രാമയാത്ര' ഹോം പേജിലൂടെ വെബ് കാസ്റ്റ് ചെയ്തു.

ഇതിനു പുറമെ, സർക്കാർ പ്രഖ്യാപിക്കുന്നതോ നടപ്പാക്കുന്നതോ ആയ പ്രധാന കാര്യങ്ങൾ അതാത് സമയത്ത് തന്നെ സ്ക്രോൾ ആയി ഔദ്യോഗിക പോർട്ടലിന്റെ ഹോം പേജിൽ നൽകുന്നുണ്ട്. നിലവിൽ ശ്രീ. സാം പിത്രോഡയുടെ വികസന നിർദ്ദേശങ്ങൾ, ചീഫ് സെക്രട്ടറി ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ, പച്ചക്കറി വില നിയന്ത്രണത്തിന് സർക്കാർ സ്വീകരിച്ച നടപടി, സർക്കാർ പദ്ധതികളെയും പരിപാടികളെയും പറ്റി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പുവഴി നടത്തുന്ന എസ്.എം.എസ്. ഫീഡ്ബാക്ക്, അസംബ്ലി സെഷൻ, പാൻ മസാല നിരോധനം തുടങ്ങിയവ സർക്കാർ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാരിന്റെ മറ്റ് വകുപ്പുകളിലെ വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്തതു സംബന്ധിച്ച വിവരങ്ങൾ അതാത് വകുപ്പുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

Smpillai

**സെക്ഷൻ ഓഫീസർ.**

✓